# പതിമൂന്നാം കേരള നിയമ സഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5228

05.07.2012 ൽ മറുപടിയ്ക്ക്

**മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിയമനത്തിനുള്ള നിലവിലെ യോഗ്യത എന്താണ്; | (എ) | മോട്ടോർ വാഹന വകുപ്പിലെ എം.വി.ഐ തസ്തിക പ്രൊമോഷൻ തസ്തിക ആണ്. സ്പെഷ്യൽ റൂൾ പ്രകാരം ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്താവുന്നതാണ്. നിയമനത്തിനുള്ള യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.<br>(a) പ്രായം-<br>നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി 1- ാം തീയിതി 21 വയസ്സ പൂർത്തിയാകാത്തതും 40 വയസ്സ് പൂർത്തീകരിച്ചതുമായ ഒരാൾ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ആയി നേരിട്ടുള്ള നിയമനത്തിന് അർഹനല്ല.<br>(b) മറ്റുയോഗ്യതകൾ - താഴെപ്പറയുന്ന യോഗ്യതകൾ ഇല്ലാത്ത ഒരാളും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ ആയി നിയമനത്തിന് അർഹനല്ല.<br>അത്യന്താപേക്ഷിതം<br>(i) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത പാസ്സായിരിക്കണം<br>(ii) സർക്കാരിൽ നിന്ന് അല്ലെങ്കിൽ ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | അംഗീകൃത യൂണിവേഴ്സിറ്റി/ സ്ഥാപനത്തിൽ നിന്ന് മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിലുള്ള പഠനത്തിനു ശേഷം ലഭിക്കുന്ന ഡിപ്ലോമ ഇൻ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്<br>(iii) മോട്ടോർ ഡ്രൈവിംഗ് ലൈസൻസ്<br>അഭിലഷണീയം - ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവിംഗ് എൻഡോഴ്സ്മെന്റ് |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള യോഗ്യത ബി.ടെക് ആയി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ